## സങ്കീർത്തനം 23 ഒരു പഠനം...തുടരുന്നു...

ഒരു ആട് നഷ്ടപ്പെട്ടാൽ അത് ഇടയന് വലിയ നഷ്ടമാണ്. കാരണം അത് അവന്റെ സ്വന്തം ആടാണ്. അതിന് അവൻ വില കൊടുത്തിട്ടുള്ളതാണ്. ഇതിനകം തന്നെ അതിനുവേണ്ടി വളരെയധികം അദ്ധ്വാനിക്കുകയും ചെലവിടുകയും ചെയ്തിട്ടുണ്ട്. ആകയാൽ അത് പോകട്ടെ, ബാക്കിയുണ്ടല്ലോ എന്നു പറഞ്ഞിരിക്കുവാൻ അവന്റെ ഹൃദയം അവനെ അനുവദിക്കുകയില്ല. ഇടയൻ തന്റെ തൊണ്ണൂററിയൊൻപത് ആടുകളെയും ആ ആലയിൽ വിട്ടിട്ട്, കാണാതെപോയ ആ ഒരാടിനെ അന്വേഷിച്ച് ഇറങ്ങുന്നു. പകൽ തന്നെ വളരെ സൂക്ഷിച്ച് മാത്രം നടക്കേണ്ട ആ വഴിയിലൂടെ രാത്രിയിൽ നടക്കുക എത്ര പ്രയാസമാണ്. അവന്റെ കാലുകൾ കല്ലിൽ തട്ടുകയും ശരീരത്തിൽ മുള്ളുകൾ കുത്തിക്കയറുകയും ചെയ്യുന്നു. ദുഷ്ടജന്തുക്കളുടെ ചീററലും അലർച്ചയും ഇരുവശവും മുഴങ്ങുന്നു. എങ്ങും വല്ലാത്ത ഇരുട്ട്. പക്ഷെ അവയൊന്നും ഇടയന്റെ ശ്രദ്ധയിൽപെടുന്നില്ല. അവന്റെ ഹൃദയം മുഴുവൻ കാണാതെപോയ ആ ഒരു ആടിനെകൊണ്ട് നിറഞ്ഞിരിക്കുകയാണ്. അതിനെ കണ്ടെത്തിയല്ലാതെ, താൻ മടങ്ങിപ്പോകയില്ല. ആ അന്വേഷണത്തിൽ നിന്നും തന്നെ പിൻതിരിപ്പിക്കുവാൻ ലോകത്തിലെ ഒരു ശക്തിക്കും കഴിയുകയില്ല. തികഞ്ഞ സ്നേഹം ഭയത്തെ പുറത്താക്കുന്നു എന്ന വാക്യം ഇവിടെയാണ് തികച്ചും അന്വർത്ഥമായി കാണപ്പെടുന്നത്. എല്ലാ പ്രതിബന്ധങ്ങളെയും സഹിച്ചുകൊണ്ട് ഇടയൻ പകൽ സഞ്ചരിച്ച എല്ലാ വഴികളിലൂടെയും മുന്നോട്ടു പോകുന്നു. ഒടുവിൽ അതാ ആ കുഴിയിൽ, തന്റെ ആട് കിടക്കുന്നു. അത് വീണു കിടക്കുകയാണ്. തനിയെ എഴുന്നേൽക്കുവാൻ നിവൃത്തിയില്ല. കിടന്നു നിലവിളിക്കുകയല്ലാതെ മറെറാരു മാർഗ്ഗവും ഇല്ല. 'എന്റെ ഇടയൻ എത്രയും വേഗം വന്ന് എന്നെ രക്ഷിച്ചില്ലെങ്കിൽ വല്ല ദുഷ്ടമൃഗങ്ങളും വന്ന് എന്നെ കടിച്ചുകീറിക്കളയും' എന്ന രീതിയിൽ 'എന്റെ ഇടയൻ വരണമേ' യെന്ന പ്രാർത്ഥനയോടെ അത് അവിടെ കിടക്കുകയാണ്. അതിന്റെ ഏക പ്രത്യാശ സ്വന്തം ഇടയൻ മാത്രമാണ്. പെട്ടെന്ന് ആട് ഒരു ശബ്ദം കേട്ടു, നിമിഷനേരത്തേക്ക്, ഏതെങ്കിലും ദുഷ്ടമൃഗങ്ങളായിരിക്കുമോ അതെന്ന് ആട് ഭയപ്പെട്ടിരിക്കാം. പക്ഷെ അടുത്ത നിമിഷത്തിൽ ആടിന് സുപരിചിതമായ ഒരു ശബ്ദം കേൾക്കുന്നു. ശബ്ദം കേൾക്കുന്നു എന്നു മാത്രമല്ല, തന്റെ പേരുചൊല്ലി വിളിക്കുകയാണ്. ആടിന് കാര്യം വ്യക്തമായി. എന്റെ ഇടയൻ എന്നെ അന്വേഷിച്ച് എന്നെ രക്ഷിപ്പാനായി ഇതാ എത്തിയിരിക്കുന്നു. അതിന്റെ ഭയവും ഭീതിയും നിരാശയും ചിന്തയും നിമിഷത്തിനിടയിൽ ഓടി മറഞ്ഞു. ഇടയന്റെ സ്നേഹത്തെ കുറിച്ചുള്ള ചിന്ത അതിനെ വികാരഭരിതമാക്കിയിരിക്കാം. ആ സ്നേഹത്തിന്റെ മുമ്പിൽ അതിന്റെ ഹൃദയം ആനന്ദത്തിൽ നിറഞ്ഞിരിക്കുന്നു. വികാരതള്ളലോടു കൂടെത്തന്നെ, ആ ആട് ശബ്ദം പുറപ്പെടുവിച്ച്, താൻ അവിടെയുണ്ടെന്ന് ഇടയനെ അറിയിച്ചു. ഇടയൻ അവിടേക്ക് സൂക്ഷിച്ചുനോക്കി. അതെ തന്റെ ആട് അവിടെയുണ്ട്.

തുടരും...